# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.453 - 24/01/2018 -ലെ മറുപടിക്ക്

## 13-ാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനാ വിഷയങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. യു. ആർ. പ്രദീപ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | 13-ാം പഞ്ചവത്സരപദ്ധതി കാലത്ത് എത്ര കോടി രൂപയുടെ വികസന പ്രവൃത്തികളാണ് ലക്ഷ്യമിടുന്നത്; | 13-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിയിനത്തിൽ രണ്ട് ലക്ഷം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. |
| ബി | പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്ക് മുൻഗണന നൽകാനാണ് ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ചുവടെ പറയുന്ന കാര്യങ്ങൾക്കാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നത്**

1. സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകളിലൂടെ പുതിയ കേരളം കെട്ടിപ്പടുക്കുക. ഈ മിഷനുകൾ സുസ്ഥിര വികസനവും ജനകീയ പങ്കാളിത്തവും താഴെ പറയുന്ന മേഖലകളിൽ നടപ്പിലാക്കും
   - I. ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം
   - II. ജന സൗഹൃദ ആരോഗ്യ സൗകര്യങ്ങൾ
   - III. പരിസ്ഥിതി സൗഹൃദ കൃഷി (ജൈവകൃഷി ഉൾപ്പെടെ)
   - IV. മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ചവർ മുക്ത കേരളം
   - V. വൃത്തിയായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ
   - VI. സുരക്ഷിതമായ ഭവനവും ഉപജീവനമാർഗ്ഗവും
2. കൃഷിയിലും, വ്യവസായത്തിലും ഭൗതികോത്പാദന വർധനവ്
3. തൊഴിൽ, ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, സംരംഭത്വം എന്നിവ സൃഷ്ടിക്കൽ
4. കേരളത്തിന്റെ ഭൗതിക, സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ
5. ധനപരമായ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയയിലും വ്യാപിപ്പിക്കുക, സുസ്ഥിര വികസനം അഭിവൃദ്ധിപ്പെടുത്തുക, ഭരണരംഗത്തെയും കാര്യനിർവ്വഹണ രംഗത്തെയും ആധുനികവത്ക്കരിക്കുക
7. ജനകീയാസൂത്രണ പ്രക്രിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ
8. സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക, സാമൂഹ്യമായ പുറന്തള്ളലിനെതിരെയുള്ള സമരം വ്യാപിപ്പിക്കുക
9. സംസ്കാരം, പാരമ്പര്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക, വിനോദ സഞ്ചാരം വികസിപ്പിക്കുക, മറുനാടൻ മലയാളികളുമായി സാംസ്കാരിക സാമ്പത്തിക ബന്ധം സ്ഥാപിക്കുക